# പ്ലാച്ചിമട : കോളയ്ക്ക് ശേഷം എന്ത് ?

ഡോ. പി.കെ. ശശിധരൻ


സമരമുഖം. 2004 മാർച്ച് മുതൽ ജൂൺ 25 വരെ കമ്പനി അടച്ച സാഹചര്യത്തിൽ പ്ലാച്ചിമടയിലേക്കൊരു സന്ദർശനം. ഏപ്രിൽ 4 രാവിലെ 11 മണി. കമ്പനിയിൽ നിന്നും 1/2 കി.മീ അകലെ കമ്പനിയുടെ ഒരു വെള്ളം ടാങ്കർ തടഞ്ഞുവെച്ചുകൊണ്ട് 40-ഓളം സ്ത്രീകൾ റോഡിൽ കുത്തിയിരുന്ന് കമ്പനിക്കെതിരെ മുദ്രാവാക്യം വിളിക്കുന്നു. മിക്കവരുടെയും കൈയ്യിൽ കുട്ടികളുണ്ടായിരുന്നു. രാത്രിയിൽ രണ്ട് മണിക്കായിരുന്നു സമരക്കാർ ലോറി തടഞ്ഞത്. പോലീസ് അവരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ടാങ്കറിന്റെ ടയറുകളെല്ലാം കാറ്റഴിച്ചിട്ട നിലയിലായിരുന്നു. കമ്പനിയിൽ നിന്ന് വെള്ളമൂറ്റൽ നിറുത്തിയ ശേഷം രാത്രി കാലങ്ങളിൽ വെള്ളം കടത്തി ഉല്പാദനം നടത്തിക്കൊണ്ട് കൊക്കകോള തുടർന്നുവരുന്ന ധിക്കാരപരമായ നിയമലംഘന പരമ്പരകൾക്കുള്ള ഒരു തെളിവുകൂടി നിരത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സമാധാന രീതി വിട്ട് അല്പം കടന്നുകയറ്റം വേണ്ടിവന്നതെന്ന് സമരക്കാർ പറയുന്നു.

പ്ലാച്ചിമട കോളനിയിൽ മാരിയമ്മൻ കോവിലിനരികെ കൂടിനിന്ന് തങ്ങളുടെ പ്രിയപ്പെട്ടവരെ പോലീസ് കൊണ്ടുപോയതിൽ പരിഭ്രമിച്ചു സംസാരിക്കുകയായിരുന്നു കുറച്ചുപേർ. അവരിൽ കാളിയും ദേവിയും ആരോടെന്നില്ലാതെ രോഷം കൊള്ളുകയായിരുന്നു.

## കോവിലിനരികെ

"കമ്പനി വെള്ളം കള്ളക്കടത്തുനടത്തി പറ്റിക്കുകയാണ്. പണക്കാർക്ക് എന്തും ചെയ്യാം. എങ്ങിനെയും ആകാം. കോള ഉണ്ടാക്കുന്നില്ലെങ്കിൽ എന്തിനാണ് കള്ളക്കടത്ത്. കുടിക്കാനാണെങ്കിൽ ദിവസവും രാത്രിയിലെന്തിനാണ് കടത്തുന്നത്. പകൽ തന്നെയായിക്കൂടെ ? ഇവിടെ നിന്ന് കാലിപ്പെട്ടികൾ ബാംഗ്ളൂരിലേക്ക് കൊണ്ടുപോകുന്നത് കാണാറുണ്ട്. ഇടയ്ക്ക് ടാർപായ വെച്ച് മറച്ച ലോറികളും. അത് ഇപ്പോഴുണ്ടാക്കുന്ന കോള ഉല്പന്നമാണെന്ന് സംശയമുണ്ട്. കുറച്ച് ദിവസമായി ഇത് ഞങ്ങളുടെ ആളുകളുടെ കണ്ണിൽപ്പെട്ടിട്ട്. ഇന്നലെയാണ് തടയാൻ അവസരം ഒത്തുവന്നത്.

ആദ്യം കുറച്ചകലെവച്ച് വണ്ടി തടഞ്ഞവരോട് ഡ്രൈവർ പറഞ്ഞത് 'വണ്ടി കയറ്റും' എന്നായിരുന്നു. അവർ വിസിൽ വിളിച്ചപ്പോൾ കോളനിയിൽ കൂടിനിന്ന ഞങ്ങളെല്ലാം ചേർന്നാണ് ഇവിടെ തടഞ്ഞത്. പത്തുപേർക്കെങ്കിലും ഇത് തടയാനായല്ലോ





എന്നത് വലിയ കാര്യമായി. ഇവിടെ ആർക്കും ഒത്തൊരുമയില്ല. എല്ലാവരെയും ബാധിക്കുന്ന പ്രശ്നമായിട്ടും കമ്പനിയുടെ പണവും ആനുകൂല്യങ്ങളും വാങ്ങി മിണ്ടാതിരിക്കാനാണ് താല്പര്യം. ഈ കോളനിയിൽ തന്നെ 100 വീട്ടുകാരുണ്ടെങ്കിൽ 25 പേരെ കമ്പനിയെ എതിർക്കാൻ രംഗത്തു വരുന്നുള്ളൂ.

എതിർത്താൽ ഉള്ള പണിയില്ലാണ്ടാവും. നേതാക്കന്മാരുടെ വെറുപ്പ് സമ്പാദിച്ചാൽ പല ആനുകൂല്യങ്ങളും സഹായങ്ങളും കിട്ടുന്നത് ഇല്ലാണ്ടാക്കും. പലർക്കും ബാങ്ക് ലോണുകളും മറ്റും തരപ്പെടുത്തി കൊടുക്കുന്നത് നേതാക്കളാ. അവരെ എതിർത്താൽ അതിനെല്ലാം ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് പേടിച്ച് കഴിയുകയാ എല്ലാരും. നാട്ടിൽ വേറെ വരുമാന മാർഗ്ഗമില്ല. കൃഷിയില്ല. കുടിവെള്ളം കുറെ ദൂരെ നിന്നാണ് കൊണ്ടുവരുന്നതെങ്കിലും കമ്പനി പൂട്ടുമെന്ന് എല്ലാർക്കും തോന്നുന്നില്ല. തല്ക്കാലം 10 ദിവസത്തേക്കാണെങ്കിലും കമ്പനിയിൽ പണികിട്ടിയാൽ അതുമതി. പണിയാ കാര്യം. വെള്ളമല്ല. ഇപ്പോൾ കുടിവെള്ളം പഞ്ചായത്ത് വക ലോറിയിൽ വരുന്നുണ്ട്. കുറച്ച് കാലം കമ്പനിയും വെള്ളം വിതരണം ചെയ്തിരുന്നു. ഇതെല്ലാം ഉണ്ടായത് തന്നെ സമരത്തിലൂടെയാണെന്ന് ആരും ഓർക്കുന്നില്ല. സമരം തുടങ്ങി ഒന്നരവർഷം കഴിഞ്ഞിട്ടാ കമ്പനി വെള്ളം തരാൻ തുടങ്ങിയതുതന്നെ. അത്യാവശ്യത്തിനുള്ള കുടിവെള്ളമൊഴിച്ച് മറ്റാവശ്യങ്ങൾക്കുള്ള വെള്ളത്തിന് ഇപ്പോഴും കിലോമീറ്ററുകൾ നടന്നു പോയിട്ടാണ് കൊണ്ടുവരുന്നത്.

തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിരോധനമെല്ലാം പോയി കമ്പനി വീണ്ടും തുടങ്ങുമെന്നാ പറഞ്ഞുകേൾക്കുന്നത്. എല്ലാ പാർട്ടിക്കാരും കോൺഗ്രസ്സ് ഒഴിച്ച്, ഞങ്ങളുടെ കൂടെ നിന്നിട്ടും എന്താ ഒന്നും നടക്കാത്തത് എന്നാ സംശയം. എല്ലാവരും ആദ്യം തന്നെ കണക്കിന് പണം വാങ്ങിയെന്നാ പറയുന്നത്. അതുകൊണ്ടാണ് സംഗതിയൊന്നും എളുപ്പമാകാത്തത്. വെള്ളമില്ലാത്ത ഈ സ്ഥലത്ത് കമ്പനി തുടങ്ങിയത് എല്ലാരും അറിഞ്ഞുകൊണ്ട് തന്നെയാണല്ലോ. എല്ലാരും അതിസമർത്ഥരാ. ആവശ്യത്തിനൊത്ത് കമ്പനിയെ കൊണ്ടുവരുവാനും എതിർക്കുവാനും അവർക്കു കഴിയും.

ജനങ്ങൾക്ക് ഒരുമയുണ്ടായിരുന്നുവെങ്കിൽ രാഷ്ട്രീയക്കാരുടെ ആവശ്യമില്ല. വോട്ട് കഴിഞ്ഞാൽ അവർ സമരത്തിന്റെ കൂടെ ഉണ്ടാവുമോ എന്ന് സംശയാ. കമ്പനി തുറക്കും. ഞങ്ങളുടെ കഷ്ടം തുടരും. കമ്പനി വന്നശേഷമുള്ള ആദ്യവോട്ടാ വരുന്നത്. ആർക്കും കൊടുക്കില്ല. പക്ഷെ ബൂത്തിൽ പോകും. പോകാതിരുന്നാൽ ഇവിടെ നില്ക്കപ്പൊറുതിയുണ്ടാവില്ല. ആർക്കാ വോട്ട് ചെയ്തത് കാണട്ടെയെന്ന്? പറയുന്നതെങ്കിൽ എവിടെങ്കിലും കുത്തികാണിച്ചു കൊടുക്കാനും തയ്യാറാ.

എല്ലാർക്കെതിരെയും സമരം ചെയ്യാതിരുന്നാൽ ഞങ്ങളുടെ സ്ഥിതി ഇങ്ങനെ തന്നെയാകും എന്ന് തോന്നിയിരിക്കുന്നു. അതുകൊണ്ട് ഞങ്ങളാലാകുന്ന പോലെ സമരം തുടരും. ഇപ്പോൾ തന്നെ രണ്ടുമൂന്ന് കേസുകളിൽ കെണിഞ്ഞിയിട്ടുണ്ട്. അതുകൊണ്ടാ എല്ലാവരും പോകാത്തത്. ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും മതിയെന്നായിരുന്നു തീരുമാനം."



സമരക്കാരെ പോലീസ് കൊണ്ടുപോയ ശേഷം നാലഞ്ച് യുവാക്കൾ ബൈക്കിൽ പിടിച്ചിട്ട ടാങ്കർ ലോറിക്കു സമീപം വന്നു. ഒരാൾ ഉച്ചത്തിൽ രോഷത്തോടെ ആജ്ഞാപിച്ചു : "കുടിവെള്ളം നാട്ടാർക്ക് വേണ്ടെങ്കിൽ നമുക്കെന്തിനാ, ഒഴിച്ചു കളയെടാ" അതുപ്രകാരം ഒരാൾ വെള്ളം തുറന്നുവിട്ടു. മറ്റുള്ളവർ കാറ്റഴിച്ചുവിട്ട ടയറുകൾ അഴിച്ചുമാറ്റാനുള്ള ഒരുക്കമായി. കാവൽ നില്ക്കുകയായിരുന്ന പോലീസുകാർ ഇടപെട്ടു. സമരം നടക്കുമ്പോൾ കമ്പനി ലോറിയിലെ വെള്ളം എടുക്കൻ കൂട്ടാക്കാതിരുന്ന നാട്ടുകാർ കൂട്ടം കൂട്ടമായി പാത്രങ്ങളുമായി ഓടിക്കൂടാൻ തുടങ്ങി.

പ്ലാച്ചിമട കോളനിയിൽ തന്നെയുള്ള ഓലകൊണ്ടു വളച്ചുകെട്ടിയ ചായക്കടയിലേക്കു കയറിച്ചെന്നു ഞങ്ങൾ ചായക്ക് പറഞ്ഞു. ചായക്കാരി അവിടെ നേരത്തെ എത്തിയ രണ്ട് സ്ത്രീകൾക്ക് ചായകൊടുത്തു. ഒരാൾ ഉറക്കെ നിലവിളി പോലെ വിളിച്ചു പറയാൻ തുടങ്ങി "അയ്യോ എന്തൊരു ചൂരാണിതിന്. വായിലേക്കടുപ്പിക്കാനാവുന്നേയില്ലല്ലോ ?" ഞങ്ങൾ ഒരു നിമിഷം പകച്ചു പോയി. അങ്ങിനെയൊരു അപകട കാര്യം ഞങ്ങളൊട്ടും ഓർത്തിരുന്നേയില്ല. ഉടൻ തന്നെ ഞങ്ങൾക്ക് ചായ വേണ്ടെന്നു പറഞ്ഞു. എന്നിരുന്നാലും ഇവിടുത്തെ ചായയുടെ രുചി അറിയണമല്ലോ എന്ന വിചാരത്തിൽ ഒരു ചായ മാത്രം വാങ്ങി മൂന്നുപേർ രുചിച്ചു നോക്കി. മനസ്സില്ലാമനസ്സോടെ കുടിച്ചിറക്കി.

"ആരാണ് നിങ്ങൾ ? സമരത്തിന്റെ പടം പിടിക്കാൻ വന്നവരാണോ ? ഇവിടെ ആരെല്ലാമാണ് പടം പിടിക്കാൻ വരുന്നത്. ജപ്പാനിൽ നിന്ന്, അമേരിക്കയിൽ നിന്ന് ...... പക്ഷേ ആർക്കും ഒന്നും അറിയില്ല ഇവിടുത്തെ യഥാർത്ഥ അവസ്ഥയെന്താണെന്ന്. എല്ലാർക്കും പടം പിടിക്കണം. ലേഖനം എഴുതണം. പ്രസംഗിക്കണം. ആർക്കെങ്കിലും അറിയോ ഞങ്ങളിവിടെ എങ്ങനെയാണ് കഴിയുന്നതെന്ന്. സമരക്കാരെ കൊണ്ടുപോയവർക്കറിയോ എന്തിനാണവർ സമരം ചെയ്യുന്നതെന്ന് ?"

## ചായക്കട

ചായക്കടയിലേക്ക് കയറിവന്ന യുവാവ് അല്പം രോഷത്തോടെയാണ് ഞങ്ങളോട് സംസാരിച്ചു തുടങ്ങിയത്. അയാൾ നന്നായി മദ്യപിച്ചിട്ടുണ്ടെന്ന് വളരെ വ്യക്തമായിരുന്നു. "ഞാനീ നാട്ടുകാരനാ. പക്ഷേ ഞാൻ സമരത്തിനൊന്നുമില്ല. ഞാൻ പുറത്തുപോയാണ് പണിയെടുക്കുന്നത്. നിങ്ങൾക്കറിയ്യോ ഇവിടുത്തെ യഥാർത്ഥ പ്രശ്നം. കിണറ് വെള്ളത്തിൽ നൂല് മാതിരി ഒന്ന് വരും. തവള മുട്ടയിട്ടമാതിരി. കമ്പനി വന്ന ശേഷം തുടങ്ങിയതാ. കുടിക്കാനും പറ്റില്ല കുളിക്കാനും പറ്റില്ല. കുടിച്ചാൽ തൊണ്ടയിൽ ഒരു കിരികിരിപ്പ്. പിന്നെ തൊണ്ട വേദനയായി. പരിപ്പ് വേവില്ല. ചോറ് വെച്ചാൽ ഉടൻ അളിഞ്ഞ് പോകും. കുളിച്ചാൽ മുടി ജഡപിടിച്ചപോലെ ഒട്ടിപിടിക്കും. ദുർഗന്ധം കൊണ്ട് വായിൽ വെയ്ക്കാനാവില്ല.

'ഞങ്ങടെ ജീവൻ തുലയ്ക്കുന്ന കമ്പനി പൂട്ടണന്ന് പറഞ്ഞാ ഉടൻ നിറുത്തേണ്ട കാര്യാ. എന്താ നടക്കാത്തത് ? രണ്ടുമൂന്ന് കൊല്ലായില്ലേ തൊടങ്ങീട്ട്. എന്തെങ്കിലും നടക്കുന്നുണ്ടോ ? എല്ലാർക്കും പണം തന്നാ കാര്യം. സമരത്തിന്റെ നേതാവാരെന്ന് പറയാൻ ഇവിടെ ആരെങ്കിലുമുണ്ടോ ? ഉള്ളത് പറയാൻ ധൈര്യമുള്ളവരുണ്ടോ ? എന്തെങ്കിലും പറഞ്ഞാൽ കൊല്ലും. കഞ്ഞിമുട്ടും. പണിക്ക് വിളിക്കില്ല. എല്ലാർക്കും പേടിയാ. ഒറ്റകെട്ടായാലെ കാര്യം നടക്കൂ. അതിവിടെ നടക്കുകയും ഇല്ല. അതാ ഞങ്ങടെ ഗതി



കേട്. അതാ ഇവിടുത്തെ അവസ്ഥ. എനിക്കാരെയും പേടിയില്ല. ഞാനിത് പറയും. കള്ളന്മാരാ എല്ലാം. കള്ളന്മാർ.

## എതിർസമരം

കോളക്കമ്പനിക്ക് മുമ്പിൽ എതിർവശത്ത് കഴിഞ്ഞ മൂന്ന് വർഷമായുള്ള കോള വിരുദ്ധ സമരപ്പന്തൽ നിറയെ സ്ത്രീകൾ കുത്തിയിരിക്കുന്നുണ്ടായിരുന്നു. എന്നാൽ കമ്പനിയുടെ ഗെയിറ്റിനരികിൽ പുതിയൊരു സമരപന്തൽ കാണാനായത് ഒരു വിശേഷം തന്നെയായിരുന്നു. കമ്പനി പടിയിൽ സമരം പാടില്ലെന്ന കോടതി ഉത്തരവ് കമ്പനി നേരത്തെ വാങ്ങിവെച്ചിരുന്നെന്നായിരുന്നു അറിയാനായത്. ''നുണപ്രചരണങ്ങൾക്കെതിരെയുള്ള കമ്പനി തൊഴിലാളികളുടെ സമരം". അവിടെ ഇരിക്കുന്നവർ ഭൂരിപക്ഷവും സ്ത്രീകൾ. മിക്കവരും മറ്റു പ്രദേശക്കാർ. രണ്ടുപേരെ മാത്രമെ പരിസരത്തുള്ളവരായി കണ്ടുള്ളൂ. സ്ഥലത്തെ 13 സ്ത്രീകളാണ് കരാർ തൊഴിലാളികളായി കമ്പനിയിലുള്ളതെന്നായിരുന്നു പുറമെ നിന്നറിഞ്ഞത്.

## കമ്പനിപ്പടി

"സമരം മാർച്ച് ആദ്യം മുതൽ ആരംഭിച്ചു. പാലക്കാട് കളക്ട്രേറ്റിലും തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിലും ആയി സമരം വ്യാപിപ്പിച്ചിട്ടുമുണ്ട്. ഈയിടെ പ്ലാച്ചിമടയിൽ നിന്നും കളക്ട്രേറ്റ് വരെ തൊഴിലാളികൾ കാൽനടജാഥ നടത്തി പ്രതിഷേധിച്ചു.

ഇത്രയൊക്കെയായിട്ടും ഇവിടുത്തെ മാധ്യമങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളും ഞങ്ങളെ ഇതുവരെ കണ്ടെന്ന് നടിക്കുകപോലും ചെയ്യുന്നില്ല. ഇപ്പോൾ തെരഞ്ഞെടുപ്പിന് അവർക്കാർക്കും ഞങ്ങളുടെ വോട്ട് വലിയ കാര്യമായിവരില്ല. പക്ഷെ എന്നെങ്കിലും അവർക്ക് ഞങ്ങളുടെ അടുത്തേക്ക് വരേണ്ടിവരും.

കമ്പനി വരുന്നതിനുമുമ്പ് പ്ലാച്ചിമട ഒരു ചുടുകാടായിരുന്നു. കമ്പനിയോട് ചേർന്ന പ്ലാച്ചിമട കോളനിയിലും വിജയനഗർ കോളനിയിലുമാണ് കുടിവെള്ള പ്രശ്നം. ഇവിടെയെല്ലാം കമ്പനി വരുന്നതിനുമുമ്പേ വരൾച്ചയുണ്ടായിരുന്നു.

പ്ലാച്ചിമട കോളനിയിൽ പഞ്ചായത്തു വകതന്നെ കുഴൽ കിണർ പദ്ധതികളും മറ്റും പരീക്ഷിച്ച് പരാജയപ്പെട്ടതാണ്. പറമ്പിക്കുളം-അലിയാർ പദ്ധതി വെള്ളം ഉപയോഗിച്ചുകൊണ്ടുള്ള പാടത്തെയും തോട്ടത്തിലെയും കൃഷിപ്പണിയിലൂടെയാണ് ഞങ്ങൾ ജീവിച്ചിരുന്നത്. ആ വെള്ളം ഇല്ലാതായതും കാലാവസ്ഥയിൽ മാറ്റം വന്നതുകൊണ്ടും കൃഷിയില്ലാതായി. കമ്പനിവന്നപ്പോൾ കുറച്ച് പേർക്കെങ്കിലും കൃത്യമായി മെച്ചപ്പെട്ട വരുമാനം ഉണ്ടായി. പാടത്ത് ദിവസം 40 രൂപ കിട്ടുമ്പോൾ ഇവിടെ 90 രൂപ വരെ സ്ത്രീകൾക്ക് കിട്ടും പുരുഷന്മാർക്ക് 125. ജോലി കിട്ടാത്തതിൽ നിരാശരും അസൂയാലുക്കളുമായവരായ കുറച്ചുപേർ മാത്രമാണ് കോളക്കെതിരെ സമരം ചെയ്യുന്നത്.

കോള വന്നത് കൊണ്ടാണ് വെള്ളമില്ലാതായതെങ്കിൽ ആ പ്രശ്നം എന്തുകൊണ്ട് പ്ലാച്ചിമടയിൽ മാത്രം കാണുന്നു. കോളയും അതുപോലെ വെള്ളമൂറ്റുന്ന പല കമ്പനികളും മറ്റ് സ്ഥലങ്ങളിലെല്ലാം ഉണ്ടല്ലോ. അവിടെയൊന്നുമില്ലാത്തത് ഇവിടെ മാത്രമെങ്ങിനെ ? പാലക്കാട് തന്നെ 33 വെള്ളമൂറ്റുന്ന കമ്പനികൾ ഉണ്ട്. പെപ്സി കമ്പനിയുണ്ട്. ഇവിടെ നിന്ന് 5 കി.മീ. അകലെ ഒരു ദിവസം 6 ലക്ഷം ടൺ വെള്ളമൂറ്റുന്ന ബീർ കമ്പനിയുണ്ട്. അപ്പോൾ വെള്ളമല്ല പ്രശ്നം. കമ്പനി പോയാൽ ഇവിടുത്തെ വെള്ളപ്രശ്നം എങ്ങിനെ പരിഹരിക്കുമെന്നതിനെ കുറിച്ച് സമരക്കാർക്ക് എന്തെങ്കിലും പറയാനുണ്ടോ ? ജലസമ്മേളനം കൊണ്ട് പ്ലാച്ചിമടയിലേക്ക് എന്ത് നേട്ടമാണുണ്ടായത് ? പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയോ ?

ഭൂഗർഭജലം ഇല്ലാതാകുന്നത് കമ്പനി കാരണമാണെന്നു കണ്ടാൽ പരിസരവാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത പരിഹാരം കാണേണ്ട ചുമതല സർക്കാരിനാണ്. അതിനുവേണ്ടിയാണ് സമരം ചെയ്യേണ്ടത്. അല്ലാതെ കമ്പനി പൂട്ടിച്ച് തൊഴിലാളികളെ വഴിയാധാരമാക്കാനല്ല. പി.എ.പി. വെള്ളം എത്തിക്കാനുള്ള ശ്രമം നടത്താൻ രാഷ്ട്രീയക്കാർ തയ്യാറാകാത്തതെന്താണ് ? പൊതുവെ വരൾച്ചയുള്ള സ്ഥലത്ത് വെള്ളമൂറ്റുന്ന കമ്പനികൾ വരുമ്പോൾ സർക്കാരിന് കൂട്ടുനില്ക്കുന്നവരാ






ണല്ലോ അവർ. ആരാണ് ഇതിനെല്ലാം ഉത്തരവാദികൾ ?

കോളക്കെതിരെയുള്ള ആഗോള സമരത്തിന്റെ പ്രസക്തി മനസ്സിലാക്കാം. പക്ഷേ പ്ലാച്ചിമടയെ കേന്ദ്രീകരിച്ചുകൊണ്ട്, വിദേശ കമ്പനി ഇവിടെ മാത്രം ഭീകരാന്തരീക്ഷം ഉണ്ടാക്കിയെന്ന് പറയുന്നതാണ് മനസ്സിലാകാത്തത്. കോള ഇവിടെ വന്നിട്ട് മൂന്ന് വർഷമേ ആയുള്ളൂ. അതിന് മുമ്പേ കോള നമ്മുടെ രാജ്യത്തുണ്ടല്ലോ.

ഭൂഗർഭജലം ഇല്ലാതാകുന്നത് കോള കാരണം മാത്രമാണെന്ന് ഇനിയും തെളിയിക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയ പഠനത്തിലൂടെ അങ്ങനെ കാണുന്നപക്ഷം ഞങ്ങൾ പിരിഞ്ഞുപോകാൻ തയ്യാറാണ്. വിഷാംശപ്രശ്നവും ഇല്ലാത്തതാണ്. 5 മുതൽ 7 കുപ്പി വരെ കോള ദിവസവും കഴിക്കുന്നവരാണ് ഞങ്ങൾ. മാലിന്യങ്ങൾ വെറും കൈകൊണ്ട് വാരി ചാക്കിൽ നിറക്കുന്നു. ശുദ്ധി ചെയ്ത് പുറത്ത് വിടുന്ന വെള്ളംകൊണ്ട് നിത്യവും തോട്ടം നനക്കുന്നവരുണ്ട്. ഇവർക്കാർക്കും ഇതുവരെ ഒരു ആരോഗ്യപ്രശ്നവും ഉണ്ടായിട്ടില്ല. വിഷമുണ്ടെങ്കിൽ അതെങ്ങിനെ ഇവിടുത്തെ കമ്പനിക്ക് മാത്രം ബാധകമാകുന്നു?

ആദിവാസി കുട്ടികൾക്ക് ഭാരക്കുറവ് ഉണ്ടെന്നാണ് പുതിയ കണ്ടെത്തൽ. ആദിവാസികളല്ലാത്തവർക്കു ജനിക്കുന്ന കുട്ടികൾക്കും ഇവിടെ മുമ്പും തൂക്കക്കുറവോ മറ്റ് പ്രശ്നങ്ങളോ ഉണ്ടെന്ന് ആരെങ്കിലും പഠിച്ചിട്ടുണ്ടോ? ഒമ്പത് വയസ്സുള്ള ഒരു കുട്ടി പനി പിടിച്ച് മരിച്ചത് കോള കുടിച്ചിട്ടായിരുന്നു എന്നാണ് മറ്റൊരു നുണപ്രചരണം. "എന്നാൽ ആ കുട്ടിയുടെ അച്ഛനായ എനിക്ക് (ജനാർദ്ദനൻ-കമ്പനി ഡ്രൈവർ) അങ്ങിനെ തോന്നിയിട്ടില്ല. ഞാൻ പറഞ്ഞ കാര്യങ്ങളല്ല പത്രക്കാർ എഴുതിയത്. അത് നാട്ടുകാരുടെ അഭിപ്രായമാണ് വന്നത്."

'ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് വ്യവസായവും മറ്റും വരുന്നത് വഴി ഉണ്ടാകുന്ന നേട്ടം നഗരങ്ങളിലെ വലിയ വലിയവർക്ക് ആകുന്നതിൽ ഇവിടെ ആർക്കും ഒരു ബുദ്ധിമുട്ടില്ല. അഥവാ പ്ലാച്ചിമട പോലുള്ള പിന്നോക്ക ഗ്രാമങ്ങളിലേക്കാവുമ്പോൾ, അവിടെ കുറച്ച് പേർക്കെങ്കിലും ജോലി കിട്ടി മെച്ചപ്പെട്ട നിലവരുമ്പോൾ ആർക്കൊക്കെയോ പ്രശ്നങ്ങളുണ്ടാവുന്നു എന്നാണ്.

തൊഴിൽ നഷ്ടപ്പെട്ട ഞങ്ങൾക്ക് പുറമെ നിന്ന് സഹായമൊന്നുമില്ല എങ്കിലും കമ്പനിക്കെതിരായുള്ള നുണപ്രചരണങ്ങൾക്കെതിരെ സാദ്ധ്യമായ നിലകളിലെല്ലാം സമരം ചെയ്യുകയല്ലാതെ വേറെ വഴിയില്ല."

## മണ്ണിൽത്തൊട്ട ചില സത്യങ്ങൾ

കമ്പനിയുടെ തെക്കുവശമുള്ള വിജയനഗർ കോളനിയിലൂടെ കിഴക്കുവശമുള്ള കൃഷിയിടത്തിലേക്ക് പോകുമ്പോൾ വെള്ളമുണ്ടായിട്ടും ഉപയോഗിക്കാതെ ഒഴിച്ചിട്ട കിണറുകളും, അവയ്ക്കരികിലൂടെ ദൂരെയെവിടെ നിന്നോ വെള്ളക്കുടവും ചുമന്നുകൊണ്ട് പോകുന്ന സ്ത്രീകളെയും കണ്ടു. പി.വി. ഷാഹുൽ ഹമീദ് (64) ന്റെ കൃഷിയിടമാണ് കമ്പനി മതിലിന് പിറകിലുള്ളത്.

### കൃഷിയിടം

"വാപ്പയുടെ കാലം മുതലേ ഞങ്ങളിവിടെ കൃഷി ചെയ്തുവരികയാണ്. കമ്പനി വന്ന് 6 മാസം കഴിഞ്ഞയുടനെ കൃഷിയെ ബാധിച്ചു. 2001 വരെ ഒരു ഏക്കറിൽ നിന്ന് 30-35 ചാക്ക് നെല്ല് കിട്ടിയിരുന്നു. അത് 3 ചാക്കായി കുറഞ്ഞു. അതോടെ നെല്ല് കൃഷി നിറുത്തി. 50 മുട്ട കടല കിട്ടിയിരുന്നിടത്ത് ഇപ്പോൾ കിട്ടുന്നത് 10 മുട്ട മാത്രം. 1500 തേങ്ങ കിട്ടിയത് 200 ആയി കുറഞ്ഞു. 95 മാവിലെ മാങ്ങ പതിനേഴായിരം-ഇരുപതിനായിരം രൂപക്ക് വിറ്റിരുന്ന 15 മാവിലെ മാങ്ങ ഏഴായിരത്തിന് മാത്രമായി കുറഞ്ഞു. പയറിട്ടാൻ ചെടി വളർന്നുവരും. കായ്ക്കില്ല. പശുവിന് തീറ്റയ്ക്കുവേണ്ടിയാണ് ഇപ്പോൾ പയറിടുന്നത്. പച്ചക്കറികൾ പഴയതിന്റെ പാതിപോലും കിട്ടാതായി. മകൻ കൃഷി നിറുത്തി ഐസ് വിൽക്കാൻ പോകുന്നതു കൊണ്ടാണ് ഇപ്പോൾ കഞ്ഞി മുടങ്ങാത്തത്. ദിവസം 100 -120 രൂപ കിട്ടും.

'ഒരു ലക്ഷം രൂപയും ഒരു കിണറും കുഴിച്ചുതരാമെന്ന് പറഞ്ഞ് കമ്പനി ആളെ വിട്ടു. വഴങ്ങിയില്ല. ആദിവാസികളുടെ കൂടെ നില്ക്കാതിരിക്കാനും സത്യം വിളിച്ചു പറയാതിരിക്കാനും എനിക്ക് കഴിയില്ല. എല്ലാവർക്കും പണമാണ് കാര്യം. എന്റെ നേതാക്കളടക്കം എല്ലാ പാർട്ടിക്കാരും പണം കണക്കിന് വാങ്ങിയിട്ടാണ് കാര്യങ്ങളിങ്ങനെയൊക്കെയാക്കിയത്. ഞാൻ ഒരു സോഷ്യലിസ്റ്റുകാരനായിരുന്നു. എനിക്ക് പണമല്ല



കാര്യം. മാതൃഭൂമിയുടെ സത്ത് ഊറ്റിക്കുടിക്കുന്ന കമ്പനിയെ നോക്കിനില്ക്കാനാവില്ല. ശുദ്ധവായു, വെള്ളം, ആഹാരം ഇതൊക്കെയാണ് തിരിച്ചു പിടിക്കേണ്ടത്. നഷ്ടപരിഹാരമൊന്നും കിട്ടിയില്ലെങ്കിലും വേണ്ട ഈ പണ്ടാരത്തെ ഇവിടെനിന്ന് കെട്ട് കെട്ടിക്കണം. നല്ല ഭക്ഷണം കഴിച്ച് ഈ മണ്ണിൽ തന്നെ മരിക്കണം.

'കിണറിലെ വെള്ളം ഇളനീർപോലെയായിരുന്നു. ദാഹം വന്നാൽ ഒരു കുടം തന്നെ കുടിച്ചുപോകും ഇന്ന് ഒരു ഗ്ലാസ് തന്നെ പറ്റില്ല. പരിപ്പ് വേവില്ല. ചോറ് രണ്ട് മണിക്കൂർ നില്ക്കില്ല. ഞങ്ങളൊക്കെ വെള്ളച്ചോർ തിന്നാണ് വളർന്നത്. പാലക്കാട് പണ്ടും അത്രയൊന്നും സമ്പന്നമായിരുന്നില്ല. എല്ലാരും രാത്രിയിലെ ചോറ് രാവിലെ കഴിച്ചുകൊണ്ടാണ് പണിക്ക് പോയിരുന്നത്. പാവങ്ങൾക്ക് ഇന്ന് അതും നടക്കില്ലാതായി. രാത്രി 10 മണിക്കുശേഷം കമ്പനി ഗ്യാസ് തുറന്നുവിടും. മനുഷ്യന്റെ ശവം




3-ാം ദിവസം എങ്ങിനെ മണക്കാൻ തുടങ്ങുമോ അതുപോലെയാകും. മിക്കദിവസവും തിന്ന ചോറ് ഛർദ്ദിക്കും. കമ്പനിക്കുള്ളിൽ ഇതറിയില്ല. കാറ്റടിക്കുമ്പോൾ ഗ്യാസ്സ് പുറത്തേക്കാണ് വരിക. പാലക്കാട് വരണ്ടു. കാലാവസ്ഥയിൽ കാര്യമായി മാറ്റങ്ങൾ വന്നു. അതിന്റെ കൂടെ ഈ ചെകുത്താനും. 30 കുഴൽ കിണറിട്ടാണ് കമ്പനി വെള്ളമൂറ്റുന്നത്. കൃഷി നശിക്കാൻ തുടങ്ങിയപ്പോൾ പല കൃഷിക്കാരും കുഴൽ കിണർ ഇടാൻ തുടങ്ങി. അവർക്കും ഇന്ന് വെള്ളമില്ല. ഞാൻ കിണറിട്ടിട്ടില്ല. പലപല അസുഖങ്ങളും വരാൻ തുടങ്ങിയിരിക്കുന്നു. അതിന്റെ ചികിത്സയ്ക്കു തന്നെയാണ് വലിയൊരു സംഖ്യയിപ്പോൾ ചെലവായി വരുന്നത്. ആരുണ്ട് ഇതെല്ലാം അറിയാൻ?"

കമ്പനിയുടെ തൊട്ടടുത്തുതന്നെയുള്ള കൃഷിക്കാരൻ കൃഷ്ണൻ കൗണ്ടർ നൽകിയ ചിത്രവും വലിയ വ്യത്യാസമുള്ളതല്ല 'കമ്പനി തുടങ്ങി ആറ് മാസം കഴിഞ്ഞപ്പോൾ തന്നെ കൃഷിയില്ലാതായി. 200 തെങ്ങിൽ നിന്ന് 5-6 ആയിരം തേങ്ങ കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് 500 തെങ്ങിൽ നിന്ന് 2000-1500 തേങ്ങ മാത്രം ലഭിക്കുന്നു. നെല്ല്, പച്ചക്കറി കൃഷികൾ ഇല്ലാതായി. തെങ്ങുമാത്രം കുറച്ച് കാലം കള്ള് ചെത്തിന് കൊടുത്തു നോക്കി. വെള്ളമില്ലാത്ത കാരണം അതു പറ്റാതായി. തക്കാളി, വെണ്ടക്ക, കടല, പയർ, പച്ചമുളക് എന്നിവ ഇവിടെ നിന്ന് ഒന്നിടവിട്ട ദിവസങ്ങളിൽ പാലക്കാട്, കൊടുവായൂർ, മീനാക്ഷിപുരം മാർക്കറ്റുകളിൽ ഓട്ടോ വഴി കൊണ്ടുപോയി വിറ്റിരുന്നതായിരുന്നു. ഇപ്പോൾ ഇവയെല്ലാം സ്വന്താവശ്യത്തിന് പുറത്ത് നിന്ന് വാങ്ങുകയാണ് ഞങ്ങൾ.'

കൃഷ്ണൻ കൗണ്ടറുമായി സംസാരിക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ അമ്മ കൊണ്ടുവന്ന ഒരു പൊതിക്കെട്ട് ഞങ്ങൾക്കുനേരെ നീട്ടി. തുറന്നുനോക്കിയപ്പോൾ ഗോതമ്പുമാവിന്റേതു പോലുള്ള വെള്ളക്കട്ടകൾ കൈകൊണ്ടതു ഒന്നമർത്തിയപ്പോൾ തന്നെ പൊടിഞ്ഞുവന്നു: 'ഇതാണ് ഞങ്ങളുടെ വെള്ളം. 4 ലിറ്റർ വെള്ളം ചൂടാക്കിയാൽ 3 ലിറ്റർ എടുക്കും. ഒരു ലിറ്റർ കലക്കായിരിക്കും. അത് ഉറഞ്ഞ് പാത്രത്തിൽ അവശേഷിക്കുന്നതാണ് ഈ വെള്ളപ്പൊടിക്കട്ടകൾ. ചൂടാക്കിയാറ്റിയെടുത്ത വെള്ളത്തിലാണ് പാകം ചെയ്യുന്നത് എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നറിയില്ല. കടുത്ത തലവേദനയുണ്ടാകാറുണ്ട്. കമ്പനിയിൽ പണി തുടങ്ങിയാൽ മണം വരികയായി. അസഹനീയം. വെറും വയറ്റിൽ തന്നെ ശർദ്ദിക്കും.

അടുത്ത വീട്ടിലെ രാജപ്പൻ എന്ന കർഷകന്റെ വീട്ടിൽചെന്ന് കോളകമ്പനികൊണ്ട് കൃഷിക്കുണ്ടാകുന്ന ദോഷങ്ങളറിയാൻ വന്നവരാണെന്ന് പറഞ്ഞപ്പോൾ അവിടുത്തെ വീട്ടമ്മ തമിഴിൽ ഞങ്ങളോട് രോഷം കൊണ്ടു: 'ഇവിടേക്ക് ആരും വരണ്ട. കോള കീളയെന്നു പറഞ്ഞത് പറ്റിക്കാൻ ഞങ്ങളൊന്നും പറയില്ല. നിങ്ങൾക്ക് വേണ്ടത് എന്താണെന്ന് നേരത്തെ തീരുമാനിച്ചിട്ടുണ്ടല്ലോ. ഞങ്ങളെ വെറും ഉപകരണമാക്കാനല്ലേ വരുന്നത്. ഒന്നുംവേണ്ട. വേഗം പൊയ്ക്കോളൂ."

ആദ്യം എന്താണെന്ന് പിടികിട്ടാതെ അമ്പരന്നുപോയി. അപ്പോഴേക്കും അവരുടെ ഭർത്താവ് കാര്യങ്ങൾ വിശദീകരിച്ചു. 'ഇവിടെ കമ്പനിക്കുവേണ്ടി ചില കൂട്ടർ സർവ്വെ നടത്താൻ വന്നിരുന്നു. കമ്പനി കൊണ്ട് കൃഷിക്കാർക്ക് കുഴപ്പങ്ങളൊന്നുമില്ലെന്ന് ഞങ്ങൾ പറഞ്ഞതായി അവർ പത്രത്തിലും മറ്റും കൊടുത്തു. അതുപോലെ നിങ്ങളും കമ്പനിക്കുവേണ്ടി വന്നയാളുകളാണെന്ന് ധരിച്ചാണ് അങ്ങിനെ പറഞ്ഞത് ? ആശ്വാസമായി. അല്പം തമിഴ് വശമായിരുന്നതുകൊണ്ട് അവരെ കാര്യം ബോധിപ്പിച്ചു. ആ വീട്ടമ്മ തണുത്തു. ശാന്തമായിരുന്ന് കാര്യങ്ങൾ കേൾക്കുകയും വേണ്ട വിവരങ്ങൾ തരികയും ചെയ്തു.

'10 മാസം കനാൽ വെള്ളം കിട്ടുന്ന സ്ഥലമാണിത്. എന്നിട്ടുപോലും കൃഷിക്ക് പിടിച്ചു നിൽക്കാനാവുന്നില്ല. 45 അടി കൊക്കർണി കിണറിൽ നിന്ന് 24 മണിക്കൂർ വെള്ളമടിച്ചുകൊണ്ട് കൃഷി ചെയ്തിരുന്ന സ്ഥലമാണ്. കുളം മാതിരിയുള്ള കിണറിൽ നിന്നുള്ള ഉറവ കാരണം വെള്ളം മുകളിൽ വരെ പൊങ്ങി വന്ന് കവിഞ്ഞൊഴുകിപോകും. അതുകൊണ്ട് മോട്ടോർ കിണറിന് മുകളിലായിരുന്നു മുമ്പ്. ഇപ്പോഴത് ഏറ്റവും അടിയിലേക്ക് കെട്ടിത്താഴ്ത്തിയിരിക്കുന്നു. രണ്ടു മണിക്കൂർ പോലും അടിക്കാൻ കിട്ടുന്നില്ല. 650 അടിയിൽ രണ്ട് കുഴൽ കിണറിട്ടു. രണ്ടാഴ്ചമുമ്പ് ഒന്നിൽമാത്രം ഒരിഞ്ച് വെള്ളം 10 മിനിട്ട് മോട്ടോർ അടിച്ചു. തീർന്നു ഒരു ലക്ഷത്തിപത്തായിരം ചെലവ്. ഒരു കാര്യവുമില്ല. ഭൂമിക്കടിയിൽ വെള്ളമില്ല. അടിവെള്ളം ഇല്ലാതായി. താഴോട്ട് പോയ്കാണും. കാരണം കമ്പനി 1200 അടിയിലാണ് 30 കിണർ ഇട്ടിരിക്കുന്നത്. വെള്ളം ഊറ്റികൊണ്ടു പോയി. ഭയങ്കര ആവി. മണ്ണിലെ ഈർപ്പം ഇല്ലാതായി. മഴയില്ലാതായി. ഈ പ്രദേശത്ത് കാർമേഘം കട്ടിയായി വന്ന് നില്ക്കും താഴോട്ട് വീഴില്ല. 2 കി.മീ.

ചുറ്റുവട്ടത്തിൽ മഴ പെയ്യുന്നില്ല. ഒരു പക്ഷെ ഈ ചൂട് കൊണ്ടാവാം.

'ഒരു തെങ്ങിൽ മുമ്പ് ശരാശരി 90–100 തേങ്ങ ഒരു വർഷം കിട്ടിയിരുന്നെങ്കിൽ ഇപ്പോഴത് 40–45 മാത്രം. 1500 കായ്കൾ വരെ കിട്ടുന്ന തെങ്ങുകളുണ്ടായിരുന്നു. പച്ചക്കറികൾ ടൺ കണക്കിന് വിറ്റ സ്ഥലമാണ്. ഇപ്പോൾ ഇടുന്നില്ല. വാഴയായിരുന്നു മറ്റൊരു പ്രധാന കൃഷി. ഇപ്പോഴില്ല. കപ്പ, ഏക്കർക്ക് 15 ടൺ കിട്ടിയിരുന്നു. അതുമില്ല. കപ്പക്ക് മുമ്പ് അസുഖമൊന്നുമില്ലായിരുന്നു. ഇപ്പോഴതിനും വന്നു. കവുങ്ങുകൾ ഉണങ്ങിപ്പോയി. കപ്പലണ്ടിയും ഉണങ്ങി. ഒരു ദിവസം ഒരു ടൺ തക്കാളി മീനാക്ഷിപുരം മാർക്കറ്റിൽ വിറ്റിരുന്നു. കിലോക്ക് 5 രൂപ വച്ച്. 3 രൂപ ചെലവ് കഴിച്ച് 2 രൂപ കിട്ടിയിരുന്നു. വെള്ളം ഉണ്ടായാൽ ഞങ്ങൾ രാജാക്കന്മാരാണ്. ഇപ്പോൾ ഇവിടം വിറ്റ് പോകാൻ തോന്നുന്നു. പക്ഷെ വാങ്ങാനാളില്ല.

'കന്ന് പൂട്ടാൻ പറ്റാത്തവിധത്തിലുള്ള പൂന്തൽ (ചെളി) പ്രദേശമായിരുന്നു ഇത്. അത്രയ്ക്കും വെള്ളം ഉണ്ടായിരുന്ന സ്ഥലം. ഇപ്പോൾ ട്രാക്ടർ പോകില്ല. കനാൽ വെള്ളം വന്ന് നനച്ചാണ് ട്രാക്ടർ ഉഴുന്നത്. കോള വന്നപ്പോൾ ആളുകൾ സന്തോഷിച്ചു. അവർ അടിവെള്ളം ഊറ്റി. പാറമേലുള്ള മേൽവെള്ളവുമില്ലാതായി. അതുകൊണ്ട് കിണർ താഴ്ത്തിയാലും വെള്ളം കിട്ടുന്നില്ല. മഴവെള്ളം ശേഖരിക്കാൻ കമ്പനിയിപ്പോൾ കുഴിവെച്ചു കൊടുക്കുന്നു. കുഴൽ കിണർ വ്യാപകമായി കുഴിച്ചു കൊടുക്കുന്നു. എത്ര കാലത്തേക്കാകും അത് എന്നറിയില്ല. ഇവിടുത്തെ പ്രശ്നം അവർക്ക് മനസ്സിലായിട്ടില്ല എന്നു തോന്നുന്നു. മറ്റെല്ലാ സ്ഥലത്തും മഴ പെയ്യുമ്പോൾ ഇവിടെ പെയ്യാത്തത് എന്നെ പേടിപ്പിക്കുന്നു.


കോള കമ്പനിയിൽ എന്തു ഏത് നടക്കുന്നു എന്ന് എനിക്കറിയില്ല. എനിക്കറിയാവുന്നത് ഇതാണ്: മഴയില്ലാതായി. വളം കുഴിച്ചിട്ടിടത്തു നിന്ന് വിഷം ഊറി വെള്ളവും മണ്ണു കേടായി. പുകകാരണം വായു ശ്വസിക്കാതായി. സ്റ്റോൺ അസുഖം വ്യാപകമായി കാണുന്നുണ്ട്. എനിക്കറിയാവുന്ന ഒരു വീട്ടിൽ നാല് പേർക്ക് മൂത്രക്കല്ല് രോഗമുണ്ട്.'

## എന്താണിവർ നൽകുന്ന സൂചനകൾ:

കമ്പനി ജോലിക്കാരും, കോളസമരക്കാരും, കൃഷിക്കാരും പറയുന്ന കാര്യങ്ങൾ അവയുടെ ഗണിതശാസ്ത്രപരമായ കൃത്യതകൾ മാറ്റി നിറുത്തിയാൽ, പ്ലാച്ചിമടയോ, പാലക്കാടോ, കേരളം തന്നെയോ ഇന്നെത്തി നില്ക്കുന്ന സാമൂഹ്യ-പാരിസ്ഥിതിക പ്രതിസന്ധികളുടെ ഉറവിടങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന അനുഭവപരമായ വസ്തുതകൾ നൽകുന്നവയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ക്ഷണിച്ചു വരുത്തിയതു കൊണ്ടാണ് തങ്ങളിവിടേക്ക് വന്നതെന്ന് പറഞ്ഞ് കോള വ്യവസായത്തെ ന്യായീകരിക്കാൻ കമ്പനിക്കോ, വികസനത്തിന്റെ പേരിൽ ഏതു വ്യവസായവും എങ്ങിനെയും ആകാമെന്നു വികസനഹുങ്കുമായി പ്പോകാൻ ഭരണവർഗ്ഗ-തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾക്കോ, പ്ലാച്ചിമടയുടെ പ്രശ്നം പ്ലാച്ചിമടയിലെ ആദിവാസികളുടെ ദുരിതങ്ങൾ മാത്രമായി കണ്ട് ഐക്യദാർഢ്യ കോലാഹലങ്ങളിൽ മാത്രം നടത്തി കൊണ്ട് പോകാൻ പ്രതികരണ വ്യവസായികളായ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക നായകന്മാർക്കോ കഴിയുന്നതിനും അപ്പുറങ്ങളിലാണ് സ്ഥിതികളുടെ കിടപ്പ്.

അതുകൊണ്ടാണ്, പ്ലാച്ചിമട: തെരഞ്ഞെടുപ്പിന് ശേഷം അല്ലെങ്കിൽ ജൂൺ 15 നുശേഷം എന്ത് എന്ന ചോദ്യം, 'പ്ലാച്ചിമട: കോളക്ക് ശേഷം എന്ത്' എന്ന ചോദ്യവുമായി ബന്ധപ്പെടുത്തി പ്രശ്നത്തെ സമീപിക്കാനുള്ള ശ്രമങ്ങൾ ജനകീയ പ്രതിരോധ പ്രവർത്തകരുടെ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടത്. കേവലം കുടിവെള്ളം തന്നെ കുപ്പിയിലാക്കി വിൽക്കേണ്ടതിലേക്കും, ആ വ്യവസായം പോലും ബഹുരാഷ്ട്ര കുത്തക ഭീകരന്മാർക്ക് തീറെഴുതികൊടുക്കുന്നതിലേക്കും, അതുവഴി ദുരിതങ്ങളുണ്ടാവുമ്പോൾ മാത്രം പ്രതികരണ വ്യവസായങ്ങളുമായി വരുന്ന നമ്മുടെ രാഷ്ട്രീയ-സാംസ്കാരിക ജാഗ്രതയെ തന്നെയാണ് ഇവിടെ പ്രതിക്കൂട്ടിൽ നിറുത്തേണ്ടത്. അങ്ങിനെ വരുമ്പോഴും പ്ലാച്ചിമട: കോളക്കുശേഷം എന്ത് എന്നും, കോള: പ്ലാച്ചിമടയ്ക്കുശേഷം എങ്ങിനെയെന്നും ചോദിക്കുന്ന ഒരു അടിസ്ഥാനതല ജനകീയ രാഷ്ട്രീയ സംസ്കാരം വളർത്തിക്കൊണ്ടുവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിക്കാൻ പ്ലാച്ചിമട അനുഭവം പാഠമാക്കേണ്ടത്.

## പ്ലാച്ചിമട പ്രഖ്യാപനം



1. ജലം ജീവന്റെ ആധാരമാണ്; അത് പ്രകൃതിയുടെ വരദാനമാണ്; അത് ഈ ഭൂഗോളത്തിലെ സമസ്ത ജീവജാലങ്ങളുടേതുമാണ്.
2. വെള്ളം ആരുടേയും സ്വകാര്യസ്വത്തല്ല. അത് എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പിന്റെ പൊതുവായ പ്രഭവമാണ്.
3. മനുഷ്യന്റെ മൗലികമായ അവകാശമാണ് ജലം. അത് സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും അതിന്റെ ദൗർബല്യവും മലിനീകരണവും തടയേണ്ടതും തലമുറകൾക്കുവേണ്ടി അതിനെ സൂക്ഷിക്കേണ്ടതും നമ്മുടെ മൗലികമായ കർത്തവ്യമാണ്.
4. വെള്ളം കച്ചവടച്ചരക്കല്ല. ജലത്തെ വിപണവത്കരണത്തനും സ്വകാര്യവത്കരണത്തിനും കുത്തകവത്കരണത്തിനും വിധേയമാക്കുവാനുള്ള എല്ലാ ഉദ്യമങ്ങളെയും ചെറുക്കേണ്ടതാണ്. ലോകത്തെങ്ങുമുള്ള ജനങ്ങൾക്ക് ജലത്തിനുള്ള മൗലികവും അനിരോധ്യവുമായ അവകാശത്തെ ഈ രീതിയിൽ മാത്രമേ ഉറപ്പുവരുത്താനാവുകയുള്ളൂ.
5. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണം. ജലനയം രൂപപ്പെടുത്തേണ്ടത്.
6. ജലവിഭവങ്ങളുടെ പരിരക്ഷയ്ക്ക് ഉപയോഗത്തിനും ഉള്ള അവകാശവും ഉത്തരവാദിത്വവും പൂർണ്ണമായും പ്രാദേശിക സമൂഹങ്ങൾക്കുള്ളതാണ്. ഇതാണ് ജലജനാധിപത്യത്തിന്റെ അടിത്തറ. ഈ അവകാശങ്ങളെ ലഘൂകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്.
7. കൊക്കകോള, പെപ്സി കോള എന്നീ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ വിഷലിപ്തങ്ങളായ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണനങ്ങൾ നമ്മുടെ അനർഘമായ ജലസമ്പത്തിന്റെ സമ്പൂർണ്ണ വിനാശത്തിനും മലിനീകരണത്തിനും കാരണമാവുകയും പ്രാദേശിക സമൂഹങ്ങളുടെ നിലനില്പുപോലും അപകടപ്പെടുത്തുകയും ചെയ്യുന്നു.
8. നമ്മുടെ വെള്ളം കൊള്ളയടിക്കുന്ന ഈ രാക്ഷസ വാണിജ്യസംഘങ്ങൾക്കെതിരെയുള്ള ധീരമായ പ്രതിരോധത്തിന്റെ പ്രതിരൂപങ്ങളാണ് പ്ലാച്ചിമടയിലും പുതുശ്ശേരിയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടക്കുന്ന ചെറുത്തുനിൽപ്പുകൾ.
9. പ്ലാച്ചിമടയിൽ ഭീകരവാണിജ്യ ശക്തികളുടെ പീഡനത്തിനെതിരെ ആദിവാസകൾ ആരംഭിച്ച പ്രതിരോധത്തിന് ഐക്യദാർഢ്യത്തോടെ സമരാങ്കണത്തിൽ അണിനിരന്ന ഞങ്ങൾ കൊക്കകോളയുടെയും പെപ്സികോളയുടേയും ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുന്നു.

**കൊക്കകോളയും പെപ്സികോളയും ഇന്ത്യവിടുക.**

**ലോക ജലസമ്മേളനം 2004 ജനു. 21–23, പ്ലാച്ചിമട–പുതുശ്ശേരി**